# പതിമൂന്നാം കേരള നിയമ സഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമ സഭാ ചോദ്യം നമ്പർ 96 21-03-2013 -ലെ മറുപടിക്ക്

## കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി.കൃഷ്ണൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി ) |
| എ) | സംസ്ഥാനത്ത് വരൾച്ചമൂലം മിക്ക ജില്ലകളിലും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിളകൾ കരിഞ്ഞുണങ്ങി നശിച്ചുകൊണ്ടിരിക്കുന്നത് വിലയിരുത്തുകയുണ്ടായോ; വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ മൊത്തം നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. ഏകദേശം 35 മുതൽ 40 % വരെ ഉല്പാദനകുറവ് നെൽകൃഷിയിൽ ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. കാർഷിക മേഖലയിലെ നഷ്ടമായ 5810.66 കോടിയുൾപ്പെടെ വരൾച്ചമൂലം സംസ്ഥാനത്ത് ആകെ 7888.0965 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | ബി) | വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക നഷ്ടം നികത്തുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും, സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് വിനിയോഗ മാനദണ്ഡ പ്രകാരവുമുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നു. |
| സി) | വരൾച്ചാ കെടുതികൾ നേരിടുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പി ച്ചിട്ടുണ്ടോ; ആവശ്യപ്പെട്ട സഹായം എത്ര; ഇത് പരിഗണിക്കുകയുണ്ടായോ; ലഭിച്ചതെത്ര; സംസ്ഥാനം ഇതിനകം ചെലവഴിച്ചതെത്ര; | സി) | കൃഷിനാശം ഉൾപ്പെടെയുള്ള വരൾച്ചാ ദുരിതാശ്വാസത്തിന് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും സഹായത്തിന് 31-10-2012 ന് 1995 കോടിരൂപയുടേയും (4 ജില്ലകൾക്ക് വേണ്ടി ) 2013 ഫെബ്രുവരിയിൽ 7888.09 കോടി രൂപയുടേയും മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ 3936.81 കോടി രൂപയുടെ കേന്ദ്ര സഹായത്തിനുള്ള പ്രത്യേക പാക്കേജ് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | ഡി) | സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ